പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 30.** **26.02.2018 ൽ മറുപടിക്ക്**

**ഇ-ഗവേണൻസ് പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. വി.ഡി. സതീശൻ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ഇ-ഗവേണൻസിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ പൊതു ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും, അഴിമതിമുക്തവുമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന 24 സേവനങ്ങൾ ഉൾപ്പെടെ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും അതുവഴി ഡിജിറ്റൽ ഒപ്പ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനാലും ഈ രംഗത്തുള്ള അഴിമതി, കാലതാമസം എന്നിവ ഒരു വലിയപരിധി വരെ ഇല്ലാതാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) സർക്കാർ ഓഫീസുകളെ പേപ്പർരഹിത ഓഫീസുകളാക്കുന്ന പദ്ധതി ഏതൊക്കെ ഓഫീസുകളിൽ ഇതിനകം പ്രാവർത്തികമാക്കി; | (സി) | സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിലെ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 14 കളക്ടേറ്റുകളിലും, 7 സബ് കളക്ടേറ്റുകളിലും, 30 ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) ഈ പദ്ധതിയുടെ ന്യൂനതകൾ എന്തൊക്കെയാണ്; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) | ഇ-ഓഫീസ് ആപ്പ്ളിക്കേഷനിൽ ചെറിയ രീതിയിലുള്ള പ്രവർത്തന പ്രശ്നങ്ങളും, ചില സമയങ്ങളിൽ ഇ-ഓഫീസിന്റെ പ്രവർത്തനം സാവധാനത്തിൽ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ പതിപ്പ് പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ഇ-ഡിസ്ട്രിക്ട്

നാഷണൽ ഇ-ഗവേണൻസ് പ്ലാനിനു കീഴിലെ മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺ ലൈൻ വഴി പൊതു ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ-ഡിസ്ട്രിക്ട് വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നല്കുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ലധികം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നല്കിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) - സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ വനം വകുപ്പിന്റെ ആറ് സേവനങ്ങൾ നിലവിൽ ഈ പദ്ധതി മുഖാന്തരം നല്കി വരുന്നു.

2. ഇ-ഓഫീസ് (e-office )

സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടേറ്റുകളിലും, 7 സബ് കളക്ടേറ്റുകളിലും, 30 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

3. ഇ - പ്രൊക്യൂർമെന്റ്

പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ-പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിൽ വരുത്തുന്നത് അന്തിമ ഘട്ടത്തിലാണ്.

4. ഫ്രണ്ട്സ് ജനസേവനകേന്ദ്രം

വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-ൽ കേരള സർക്കാർ ഐ.ടി.മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രം എന്ന പേരിൽ ആരംഭിച്ച ഏകജാലക സംവിധാനം 2001 ൽ മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുകയും ആയത് തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

5. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN )

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ( SWAN ) ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളും 152 ബ്ലോക്ക് ആസ്ഥാനങ്ങളും സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

6. സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (SecWAN)

ഗവ:സെക്രട്ടറിയേറ്റിലെ സേവനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ഗുണപരമായി മെച്ചപ്പെടുത്തുക, ഇതിനായി വിവിധ വകുപ്പുകൾ തമ്മിൽ ബന്ധിപ്പിച്ച് അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക തുടങ്ങിയവ മുൻനിർത്തി ആവിഷ്കരിച്ച പദ്ധതി വിജയകരമായി പ്രവർത്തിച്ചുവരുന്നു.

7. സർക്കാർ കോൾ സെന്റർ

വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം ജനസേവനകേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നത്. നിലവിൽ പ്രസ്തുത സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾസെൻററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

8. സംസ്ഥാന ഡാറ്റ സെന്റർ

കേരള സംസ്ഥാന ഐ.ടി മിഷൻ 2005 ൽ ആണ് സംസ്ഥാനത്തെ ഇ - ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് കോ - ബാങ്ക് ടവറിൽ സംസ്ഥാന ഡാറ്റാ സെന്റർ-1 സ്ഥാപിച്ചത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്, തിരുവനന്തപുരം ടെക്നോപാർക്കിൽ ഡാറ്റ സെന്റർ-2 പ്രവർത്തിക്കുന്നു.

9. വീഡിയോ കോൺഫെറെൻസിങ്

വിദൂര സ്ഥലങ്ങളിലുള്ള വ്യക്തികൾ തമ്മിൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യകളുപയോഗിച്ച ആശയ വിനിമയം നടത്തുന്നതിനുള്ള ഉപാധിയാണ് വീഡിയോ കോൺഫറൻസിങ്. ജില്ലാ കലക്ടറേറ്റുകൾ, ഐ ടി മിഷൻ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടമെന്റ്, എക്സ്സൈസ് ഡിപ്പാർട്ടമെന്റ്, തിരഞ്ഞെടുക്കപ്പെട്ട താലൂക്കുകൾ തുടങ്ങി 30-ഓളം ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വീഡിയോ കോൺഫറൻസിങ് സംവിധാനം പ്രവർത്തിച്ച് വരുന്നു. പ്രതിവർഷം വിവിധ വകുപ്പുകളുടെ 500-ഓളം വീഡിയോ കോൺഫറെൻസുകളാണ് ഈ സംവിധാനത്തിലൂടെ നടക്കുന്നത്.

10.ആധാർ പദ്ധതി

ആധാർ പദ്ധതി പ്രകാരം സംസ്ഥാനത്തെ 99.8 ശതമാനത്തോളം ആളുകൾക്ക് ആധാർ നൽകി കഴിഞ്ഞു. സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് കൂടുതലായും ആധാർ പേര് ചേർക്കൽ നടത്തുന്നത്. കുട്ടികൾക്ക് അംഗൻവാടി വഴിയും, വയോധികർക്കും ഭിന്ന ശേഷിയുള്ളവർക്കും ശയ്യാവലംബരായവർക്കും അവരുടെ വീടുകളിൽ എത്തിയും ആധാർ എൻറോൾമെൻറ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (സെർട്ട് -കേരള)

ആഗോളതലത്തിലുള്ള സൈബർ ഭീകരാക്രമണങ്ങളെ ചെറുക്കാൻ ദേശീയതലത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (സെർട്ട്-ഇൻ) എന്ന വിഭാഗത്തെ കേന്ദ്രസർക്കാർ സജ്ജമാക്കിയിട്ടുണ്ട്. ഇതിനു സമാനമായ സംവിധാനമാണ് സംസ്ഥാന സർക്കാർ സെർട്ട്–കെയിലൂടെ ഏർപ്പെടുത്തിയിരിക്കുന്നത്. സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കുക, സെൻട്രൽ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി സൈബർ സെക്യൂരിറ്റി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളാണ് സെർട്ട്–കെ വിഭാവനം ചെയ്യുന്നത്.

12. സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതു ജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012 ൽ ആരംഭിച്ച താണ് ഈ പദ്ധതി. നിലവിൽ 39 സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ഈ പദ്ധതി വഴി ലഭ്യമാക്കിയിട്ടുണ്ട്.

13. മൊബൈൽ ഗവേണൻസ്

മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും തടസ്സരഹിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് എം-കേരളം എന്ന മൊബൈൽ ആപ്ലിക്കേഷൻ.

14. കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ച്ചർ (കെ.എസ്.ഡി.ഐ)

കേരളത്തിലെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവുമായി (ജി.ഐ.എസ്) ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായാണ് കെ.എസ്.ഡി.ഐ നിലവിൽ വന്നത്. വിശ്വസനീയവും അവലംബിയ്ക്കാവുന്നതുമായ ഭൂവിവരങ്ങൾ പാരിസ്ഥിതിക സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് നൽകുന്നതിന് സഹായകരമായ രീതിയിൽ പ്രവർത്തനം തുടർന്നു വരുന്നു.

സെക്ഷൻ ഓഫീസർ